**അഞ്ച് മധ്യേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള യുവ പ്രതിനിധി സംഘത്തിന്റെ മൂന്നാമത്തെ ഇന്ത്യാ സന്ദർശനം (മാർച്ച് 21-28, 2025)**

ഏപ്രിൽ 01, 2025

2022 ജനുവരിയിൽ വെർച്വലായി നടന്ന ആദ്യത്തെ ഇന്ത്യ-മധ്യേഷ്യ ഉച്ചകോടിയ്ക്ക് ഇന്ത്യ മുൻകൈ എടുത്തതിന്റെ ഭാഗമായി അഞ്ച് മധ്യേഷ്യൻ രാജ്യങ്ങളിൽ (കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, താജിക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ) നിന്നുള്ള സംരംഭകർ, അക്കാദമിക് വിദഗ്ദ്ധർ, കലാകാരന്മാർ, കായികതാരങ്ങൾ, ഇൻഫ്ലുവെൻസേഴ്സ് എന്നിവരടങ്ങുന്ന വിവിധ മേഖലകളിൽ നിന്നുള്ള യുവ പ്രതിഭകളുടെ 100 അംഗ സംഘം 2025 മാർച്ച് 21-28 തീയതികളിൽ ഇന്ത്യ സന്ദർശിച്ചു

2. ഇന്ത്യ സന്ദർശിക്കുന്ന ഇത്തരത്തിലുള്ള മൂന്നാമത്തെ യുവജന പ്രതിനിധി സംഘമാണിത്. ഈ വർഷത്തെ ശ്രദ്ധാകേന്ദ്രം ഗോവയായിരുന്നു. പ്രതിനിധി സംഘം ബഹുമാനപ്പെട്ട ഗവർണറെയും മുഖ്യമന്ത്രിയെയും സംസ്ഥാന മന്ത്രിയെയും സന്ദർശിച്ചു; കൂടാതെ ഗോവ ചേംബർ ഓഫ് കൊമേഴ്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവയും സന്ദർശിച്ചു. പ്രതിനിധി സംഘം ഡൽഹി IIT സന്ദർശിച്ച് ഡയറക്ടറുമായി ആശയവിനിമയം നടത്തി. അവരുടെ യാത്രാപരിപാടിയിൽ താജ്മഹൽ സന്ദർശനവും ഉൾപ്പെട്ടിരുന്നു.

3. പ്രതിനിധി സംഘം ബഹുമാനപ്പെട്ട വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ, വിദേശകാര്യ സഹമന്ത്രി ശ്രീ കീർത്തി വർധൻ സിംഗ് എന്നിവരുമായി ആശയവിനിമയം നടത്തി, അവർ ഇന്ത്യയും മധ്യേഷ്യയും തമ്മിലുള്ള ചരിത്രപരവും സാംസ്കാരികവുമായ ബന്ധത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ സജീവമായ പങ്ക് വഹിക്കാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പ്രതിനിധി സംഘം യുവജനകാര്യ കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യയെ സന്ദർശിക്കുകയും അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.

4. ഇന്ത്യയുടെ വിദ്യാഭ്യാസ മേഖലയിലെ വളർച്ച, സാങ്കേതിക വൈദഗ്ധ്യവും ഗവേഷണ ശേഷിയും, അടിസ്ഥാന സൗകര്യ

വികസനം എന്നിവയുടെ നേരിട്ടുള്ള അനുഭവം ഈ സന്ദർശനം യുവജനങ്ങൾക്ക് നൽകി, കൂടാതെ ഇന്ത്യയുടെ സമ്പന്നമായ ചരിത്രവും ഊർജ്ജസ്വലമായ സാംസ്കാരിക പൈതൃകവും മനസ്സിലാക്കുന്നതിനുള്ള അവസരവും അവർക്ക് ലഭിച്ചു.

5. ജനങ്ങളുടെയും ആശയങ്ങളുടെയും തുടർച്ചയായ കൈമാറ്റങ്ങളിലൂടെ അടയാളപ്പെടുത്തിയ ചരിത്രപരമായ ബന്ധങ്ങൾ ഇന്ത്യയും മധ്യേഷ്യയും പങ്കിടുന്നു. ഇന്ത്യ-മധ്യേഷ്യ യുവജന വിനിമയ സംരംഭം, മധ്യേഷ്യൻ രാജ്യങ്ങളുമായുള്ള പരസ്പരം പ്രയോജനകരവും ബഹുമുഖവുമായ സമകാലിക പങ്കാളിത്തത്തിന്റെ കാതലായ, സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ബന്ധങ്ങളും സാംസ്കാരിക വിനിമയങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ ശ്രമങ്ങളുടെ ഭാഗമാണ്.

ന്യൂഡൽഹി

ഏപ്രിൽ 01, 2025